**No.181/Camp/DGP(P)/2014**
Prison Headquarters
Thiruvananthapuram – 14
Dated 29/09/2014

## Circular No.45/2014

ചില ജയിലുകളിൽ തടവുകാർക്കെതിരെ ചില ഉദ്യോഗസ്ഥർ പീഢനമുറകൾ എടുത്തുവെന്നുള്ള രീതിയിൽ ചില പരാതികൾ ലഭിക്കുകയുണ്ടായി. അന്വേഷണത്തിൽ ഇവ പൂർണമായും തെളിഞ്ഞിട്ടില്ലെങ്കിലും ഇത്തരത്തിൽ തടവുകാർക്കെതിരെ നടന്നേക്കാവുന്ന തികച്ചും അന്യായമായ പീഢനമുറകൾ തീർത്തും ഇല്ലാതാക്കുന്നതിന് എല്ലാ ജയിൽ സൂപ്രണ്ടുമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇത്തരത്തിൽ സ്ഥിരമായി പരാതി വരുന്ന ഉദ്യോഗസ്ഥനോ, ഇത്തരം പ്രവണത കാണിക്കുന്ന ഉദ്യോഗസ്ഥരോ ഉണ്ടെങ്കിൽ അവരെ പ്രത്യേകം നിരീക്ഷിക്കേണ്ടതും, അവർ ഇത്തരത്തിൽ പീഢനമുറകൾ പ്രയോഗിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. മാത്രമല്ല, ഇത്തരത്തിലുള്ള സന്ദർഭങ്ങളുണ്ടായാൽ കർശനമായ ശിക്ഷാ നടപടികൾ ഉണ്ടാകുമെന്ന് ഇക്കൂട്ടരെ ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്. ഇതുപോലെതന്നെ തടവുകാർ പരസ്പരം ആക്രമിച്ചേക്കാവുന്ന സന്ദർഭങ്ങളും കർശനമായി ഇല്ലാതാക്കേണ്ടതാണ്. ജയിലുകളിൽ തടവുകാരനായ ഒരാളുടെ പൂർണമായ സുരക്ഷ ഉറപ്പാക്കേണ്ടത് ജയിൽ ഉദ്യോഗസ്ഥരുടെ കർത്തവ്യമാണ്. ബഹുഭൂരിപക്ഷം ജയിലുദ്യോഗസ്ഥരും ഇക്കാര്യത്തിൽ ജാഗ്രത പുലർത്തുന്നവരുമാണ്. സ്വഭാവവിശേഷം കൊണ്ടോ, അല്ലെങ്കിൽ മറ്റേതെങ്കിലും അന്യായമായ കാര്യം സാധിക്കുന്നതിനുള്ള കാര്യമായോ അപൂർവ്വം ചില ജയിലുദ്യോഗസ്ഥർ ഏതെങ്കിലും രീതിയിൽ മാനസിക വൈകല്യം കാണിക്കുന്നുണ്ടെങ്കിൽ അത് കർശനമായി തടയേണ്ടതാണ്. അതേസമയം നിയമാനുസൃതമായ കാര്യങ്ങൾ നടപ്പിൽ വരുത്തുവാൻ മേൽപറഞ്ഞിട്ടുള്ള കാര്യങ്ങൾ ഒരു തടസമായി വരേണ്ടതില്ല.

ടി പി സെൻകുമാർ ഐ പി എസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ്
ആന്റ് കറക്ഷണൽ സർവ്വീസസ്
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും നടപടിയ്ക്കായി
എല്ലാ മേഖലാ ഡി ഐ ജിമാർക്കും അറിവിലേയ്ക്കും, നിരീക്ഷണത്തിനുമായി